# തോല്ക്കാൻ പേടിക്കേണ്ട

## സദൃശവാക്യങ്ങൾ 24:16

"നീതിമാൻ ഏഴു പ്രാവശ്യം വീണാലും എഴുന്നേല്ക്കും; ദുഷ്ടന്മാരോ അനർത്ഥത്തിൽ നശിച്ചുപോകും."

യേശുക്രിസ്തുവിനെ തന്റെ രക്ഷകനും നാഥനുമായി സ്വീകരിക്കുന്ന വ്യക്തികൾ താൻ പിന്തുടർന്നുവന്ന കഴിഞ്ഞകാല ജീവിതത്തിലെ അഴുക്കുകളിൽനിന്ന്/പാപജീവിതത്തിൽനിന്ന്/പരാജയങ്ങളിൽ നിന്ന് മോചനം പ്രാപിച്ച് ദൈവികജീവനിലേക്ക് കടക്കുന്നു. അത് ദൈവത്തിന്റെ കൃപയാൽ, സ്നേഹത്താൽ സംഭവിക്കുന്നതാണ്. ഇപ്രകാരം ദൈവം നീതീകരിച്ച്, പുതുജീവനിലേക്ക് കടന്നുവന്നവർ, തങ്ങൾ പ്രാപിച്ച ദൈവാത്മാവിന് കീഴ്പ്പെട്ട് ജീവിക്കുമ്പോൾ, നീതി ചെയ്തുകൊണ്ട് തുടർന്നും ജീവിക്കുവാനും, ദൈവത്തെ സ്നേഹിക്കുന്നവരായി മുമ്പോട്ടു പോകുവാനും സാധിക്കും. ഒരു കര കൗശല അദ്ധ്യാപകൻ തന്റെ ക്ലാസ്സിലുള്ള കുട്ടികളെ രണ്ട് ഗ്രൂപ്പുകളായി തിരിച്ചു. ആദ്യത്തെ ഗ്രൂപ്പിന് അവർ ഉണ്ടാക്കുന്ന പാത്രങ്ങളുടെ എണ്ണം (Quantity) അടിസ്ഥാനപ്പെടുത്തി വിലയിരുത്താൻ തീരുമാനിച്ചു. അവരോട് തങ്ങൾക്ക് ആവുന്നത്രയും പാത്രങ്ങൾ ഉണ്ടാക്കാൻ പറഞ്ഞു. രണ്ടാമത്തെ ഗ്രൂപ്പിന് അവർ ഉണ്ടാക്കുന്ന പാത്രത്തിന്റെ മേന്മ (**Quality**) നോക്കി വിലയിരുത്താൻ തീരുമാനിച്ചു. അവരോട് എത്രയും മേന്മയേറിയത് ഉണ്ടാക്കുവാൻ അദ്ദേഹം പറഞ്ഞു. എന്നാൽ വിധിനിർണ്ണയത്തിൽ അദ്ധ്യാപകനെ അത്ഭുതപ്പെടുത്തിക്കൊണ്ട് എണ്ണത്താൽ വിലയിരുത്തപ്പെടേണ്ട ഗ്രൂപ്പ് തന്നെ മേന്മയേറിയ പാത്രം ഉണ്ടാക്കിയതായി കണ്ടു. വിശകലനം ചെയ്തപ്പോൾ ഒത്തിരി പാത്രങ്ങൽ ഉണ്ടാക്കുവാൻ പറഞ്ഞ ഗ്രൂപ്പ് ഓരോ പാത്രം ഉണ്ടാക്കിയപ്പോൾ, അതിന്റെ കുറവുകൾ കണ്ടുപിടിച്ച് അടുത്തതിൽ മെച്ചപ്പെടുത്തി മുമ്പോട്ടുപോയി ഏറ്റവും മെച്ചപ്പെട്ടതായ പാത്രം ഉണ്ടാക്കിയതായി കണ്ടു. അവർ വീഴ്ചകളിൽ നിന്ന് പാഠമുൾക്കൊണ്ട് തെറ്റുകൾ തിരുത്തി മുന്നോട്ട് പോയി. എന്നാൽ മേന്മയുടെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടേണ്ട ഗ്രൂപ്പ്, മുഴുവൻ സമയവും തങ്ങൾ ഉണ്ടാക്കിയ ഒരു പാത്രത്തിന്റെ മേന്മ വർദ്ധിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു.

അതിനാൽ പരാജയങ്ങളിൽ നിന്നോ, അനുഭവങ്ങളിൽ നിന്നോ പാഠമുൾക്കൊണ്ട് മുന്നോട്ട് പോകുവാൻ സാധിച്ചില്ല. ഇന്ന് ജീവിതത്തെ പരാജയങ്ങൾ അലട്ടുകയാണോ, തിരിച്ചു വരുവാൻ അവസരം ഇനിയുമുണ്ട്. ഒരു പക്ഷേ ദൈവസ്നേഹം ഇതുവരെ അനുഭവിക്കാൻ സാധിച്ചിട്ടില്ലായിരിക്കാം... സങ്കടം വേണ്ട... വിശ്വാസത്താൽ യേശുവിനെ

രക്ഷകനും നാഥനുമായി സ്വീകരിക്കാം. പഴയതിനെ ഉപേക്ഷിക്കാം...നീതീകരണത്തി ലേക്ക് കടക്കാം. അതോ, നീതീകരണത്തിലേക്ക്, പുതുജീവനിലേക്ക് കടന്നു വന്നതിനുശേ ഷവും പരാജയപ്പെട്ട അവസ്ഥയിലാണോ, എങ്കിൽ വചനം പറയുന്നതനുസരിച്ച് എഴുന്നേ ല്ക്കാം, തെറ്റുകൾ ഏറ്റുപറഞ്ഞ് പാഠമുൾക്കൊണ്ട് കൂടുതൽ മേന്മയോടെ ജീവിക്കാൻ നമ്മെ പരിശുദ്ധാത്മാവിനു കീഴ്പ്പെടുത്തി കൊടുക്കാം.. മീഖാ 7:8 ൽ വായിക്കുന്നു ''എന്റെ ശത്രുവായവളേ, എന്നെച്ചൊല്ലി സന്തോഷിക്കരുത്; വീണു എങ്കിലും ഞാൻ വീണ്ടും എഴുന്നേല്ക്കും; ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്ക് വെളിച്ചമായിരി ക്കുന്നു.'' അതിനാൽ പരാജയപ്പെടുവാൻ പേടിക്കേണ്ട. തെറ്റുചെയ്തുപോയെങ്കിൽ, പരാ ജയം അഭിമുഖീകരിക്കുന്നതിൽ തളരേണ്ട... കാരണം വെളിച്ചമായി സൃഷ്ടാവ് കൂടെ യുണ്ട്, പഴയതിനെ ഉപേക്ഷിച്ച് പുതിയതിലേക്ക് കടക്കുക.

പരാമർശം :

യോനാ 3:10

അവർ ദുർമാർഗ്ഗം വിട്ടുതിരിഞ്ഞു എന്ന് ദൈവം അവരുടെ പ്രവർത്തികളാൽ കണ്ടപ്പോൾ താൻ അവർക്ക് വരുത്തും എന്നു അരുളിച്ചെയ്തിരുന്ന അനർത്ഥത്തെക്കുറിച്ചു ദൈവം അനുതപിച്ചു അതു വരുത്തിയതുമില്ല.

സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 005